# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2685 — 19.12.2012-ൽ മറുപടിക്ക്.

## അസംഘടിത തൊഴിലാളികളുടെ ക്ഷേമനിധിബോർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. എം. എ. വാഹീദ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കേന്ദ്ര നിയമം വഴി അസംഘടിത തൊഴിലാളികളുടെ ക്ഷേമനിധി ബോർഡ് നിലവിൽ വന്നിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഏത് നിയമമനുസരിച്ചാണ് ബോർഡ് പ്രവർത്തിക്കുന്നത് ; | (ബി) 2008 -ലെ ദി അൺഓർഗനൈസ്ഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ആക്ട് എന്ന നിയമമനുസരിച്ചാണ് ബോർഡ് പ്രവർത്തിക്കുന്നത്. |
| (സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്ക് ബോർഡ് വഴി ലഭിക്കുന്നത്; | (സി) ഈ ബോർഡു വഴി ലഭ്യമാക്കാവുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. |
| (ഡി) ഏതെല്ലാം ക്ഷേമ പദ്ധതിയിലെ തൊഴിലാളികൾക്കാണ് ഈ ബോർഡ് മുഖാന്തിരം പ്രയോജനമുണ്ടാകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) താഴെപ്പറയുന്ന എട്ട് ക്ഷേമനിധി/ പദ്ധതികളെയാണ് ഈ ബോർഡിൽ ആദ്യപടിയായി ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്.<br>(i) 1986ലെ കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി<br>(ii) 2004 ലെ കേരള ബാർബേഴ്സ് ആൻറ് ബ്യൂട്ടീഷൻ ക്ഷേമപദ്ധതി<br>(iii) 2004ലെ കേരള അലക്കു തൊഴിലാളി ക്ഷേമപദ്ധതി<br>(iv) 2011 ലെ കേരള ഗാർഹിക തൊഴിലാളി ക്ഷേമപദ്ധതി<br>(v) 2011 ലെ കേരള ക്ഷേത്ര തൊഴിലാളി ക്ഷേമപദ്ധതി |

(vi) 2011ലെ കേരള പാചക തൊഴിലാളി
ക്ഷേമപദ്ധതി

(vii)1980 ലെ കേരള മരം
കയറ്റ തൊഴിലാളി ക്ഷേമപദ്ധതി

(viii) കേരള മരം കയറ്റ തൊഴിലാളി
അവശതാ പെൻഷൻ പദ്ധതി

ഇതോടൊപ്പം ക്ഷേമപദ്ധതികളില്ലാത്ത വിഭാഗങ്ങളെയും ആദ്യപടിയായി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

[signature]
സെക്ഷൻ ആഫീസർ.